LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 2020-21 സാമ്പത്തിക വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉടുമ്പൻചോല മണ്ഡലത്തിലെ പന്തടിക്കളം, തിങ്കൾക്കാട്കുടി എന്നീ കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൂളിയാർ പഞ്ചായത്തിലെ പൂവാള എസ്.സി. കോളനി

32(2067) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂളിയാർ പഞ്ചായത്തിലെ പൂവാള എസ്.സി. കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത കോളനിയിൽ 18 കുടുംബങ്ങൾ താമസിച്ചുവരുന്നു.

(ബി) പ്രസ്തുത കോളനിയിലേയ്ക്കുള്ള റോഡ് എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥനായ കാറഡുക്ക ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റിസർവ് വനത്തിന്റെ നടുവിലുള്ള ഈ കോളനിയിലേയ്ക്കുള്ള റോഡ് ഊരുക്കൂട്ട തീരുമാനപ്രകാരം വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കി കോൺക്രീറ്റ് റോഡാക്കുന്നതിന് വകുപ്പ് തുടർനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

വനം മേഖലയിൽക്കൂടി കടന്നുപോകുന്ന റോഡായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓൺലൈൻ പഠനം

33(2068) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന TSP ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

പോസ്റ്റ്/പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സംവിധാനം

34(2069) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസ-ഭക്ഷണ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ പോക്കറ്റ് മണിയായി 200 രൂപയും ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2500/- രൂപ വീതവും നൽകുന്നുണ്ട്. കൂടാതെ യൂണിഫോം, ബാഗ്, ചെരുപ്പ് തുടങ്ങിയവും അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടിയും നൽകിവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയായി 200 രൂപയും ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് 2875/- രൂപ വീതവും നിയമാനുസൃത യാത്രാബത്തയും നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾതലംവരെ പ്രതിമാസം 3000/- രൂപ നിരക്കിലും ഹൈസ്കൂൾ തലത്തിനുമുകളിൽ പ്രതിമാസം 3450/- രൂപ നിരക്കിലും മെസ് ചാർജ് അനുവദിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഭക്ഷണേതര ചെലവുകൾ വിവിധ നിരക്കുകളിൽ വകുപ്പ് നൽകിവരുന്നു. ഇതിനുപുറമേ ഭൗതിക സാഹചര്യങ്ങൾ യുണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പരിഷ്കാരങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവ നിർമ്മിക്കുക, വിദ്യാർത്ഥികളുടെ